"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**തദ്ദേശസ്വയംഭരണം** - പഞ്ചായത്ത് വകുപ്പ് - **ജീവനക്കാര്യം** -തിരുവനന്തപുരം **ജില്ലയിലെ** പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി.നിഷാ ഗോപ കുമാറിന് ഹ്രസ്വ ചിത്രത്തിൽ **അഭി**നയിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1548/2022/LSGD  **തീയതി,തിരുവനന്തപുരം, 28-06-2022**

---

പരാമർശം:- 1. **ശ്രീമതി.നിഷാ ഗോപ കുമാറിന്റെ അപേക്ഷ.**

2. പഞ്ചായത്ത് ഡയറക്ടറുടെ 01.11.2021, 28.04.2022 **എന്നീ** തീയതികളിലെ ഇ3-12292/21 നമ്പർ **കത്തുകൾ.**

**<u>ഉത്തരവ്</u>**

തിരുവനന്തപുരം **ജില്ലയിലെ** പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീ മതി .നിഷാ ഗോപകുമാറി ന് "കാതോരം" എന്ന ഹ്രസ്വ ചിത്രത്തിൽ അഭിനയിക്കുന്നതിന് അ നുമതിയ്ക്കായി പരാമർശം ( 1 ) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 2 ) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2. 1960- ലെ **കേരള സർക്കാർ ജീവനക്കാരുടെ** പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48(1) ന്റെ ആദ്യ പ്രൊവിസോ പ്രകാരം **സർക്കാർ ജീവനക്കാർക്ക്** ശാസ്ത്ര, കലാ - സാംസ്കാരിക, സാഹിത്യ സാമൂഹിക രംഗങ്ങളിൽ പ്രതിഫലം കൈപ്പറ്റാതെയും, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സമില്ലാതെയും ഏർപ്പെടുന്നതിന് സോപാധിക അനുമതിയുണ്ട്. എന്നാൽ സർക്കാർ ജീവനക്കാർക്ക്. നാടകം, സിനിമ, സീരിയൽ, ഹ്രസ്വചിത്രം, വീഡിയോ ഗാനം, വാണിജ്യാടിസ്ഥാനത്തിലുള്ള മറ്റ് പ്രോഗ്രാമുകൾ എന്നിവയിൽ അഭിനയിക്കുന്നതിനോ, സംവിധാനം ചെയ്യുന്നതിനോ, പ്രവർത്തിക്കുന്നതിനോ അനുമതി നൽകുന്ന പൊതുവായ വ്യവസ്ഥകളോ, ഉത്തരവുകളോ നിലവിലില്ല.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം **ജില്ലയിലെ** പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് **ശ്രീമതി.**നിഷാ ഗോപകുമാറിന് തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ഭംഗം വരാത്ത രീതിയിലും പ്രതിഫലം പറ്റാതെയും **സർക്കാരിനെതിരെയുള്ള** പരാമർശങ്ങളൊന്നും പ്രസ്തുത പരിപാടിയിൽ പുറപ്പെടുവിക്കാതെയും പ്രവർത്തിക്കുന്നതാണെന്ന വ്യവസ്ഥയിൽ "കാതോരം" എന്ന ഹ്രസ്വ ചിത്രത്തിൽ അഭിനയിക്കുന്നതിന് **അനുമതി നൽകി**

ഉത്തരവ് പുറപ്പെടുവിക്കുന്നു. സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതുമാകുന്നു. ഈ വ്യവസ്ഥകളിൽ എന്തെങ്കിലും വീഴ്ച വരുത്തുന്ന പക്ഷം ബന്ധപ്പെട്ട മേലധികാരി ടിയാൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതും തുടർന്ന് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അനുമതി പിൻവലിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, പുളിമാത്ത് ഗ്രാമപഞ്ചായത്ത്. തിരുവനന്തപുരം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി.നിഷാ ഗോപ കുമാർ. അക്കൗണ്ടന്റ്. പുളിമാത്ത് ഗ്രാമപഞ്ചായത്ത്. തിരുവനന്തപുരം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്. എക്സിക്യൂട്ടീവ് ഡയറക്ടർ. ഐ. കെ. എം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(295/ഇപിഎ1/2021/തസ്വഭവ നമ്പർ ഫയൽ).

ഉത്തരവിൻ പ്രകാരം
Signed by Danuja M S
Date: 29-06-2022 10:49:33

സെക്ഷൻ ഓഫീസർ